## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** **06-10-2021 - ൽ മറുപടിയ്ക്ക്**

## ടൂറിസ്റ്റുകൾക്കായി നെയ്യാർഡാമിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാർഡാമിൽ ടൂറിസ്റ്റുകൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന ബോട്ട് സർവീസിനായി കാലഹരണപ്പെട്ട ബോട്ടുകൾ ഉപയോഗിക്കുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നെയ്യാർ വന്യജീവിസങ്കേതത്തിൽ വനം വകുപ്പിന്റെ കീഴിൽ കാലഹരണപ്പെട്ട ബോട്ടുകൾ ഉപയോഗിക്കുന്നില്ല. വർഷാവർഷം തുറമുഖ വകുപ്പ് ഉദ്യോഗസ്ഥർ ബോട്ട് പരിശോധിച്ച് നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുസരിച്ചാണ് ബോട്ടുകൾ സഞ്ചാരത്തിന് ഉപയോഗിക്കുന്നത്. നെയ്യാർ വന്യജീവി സങ്കേതത്തിന്റെ കീഴിൽ നെയ്യാർ ഡാം ജലാശയത്തിൽ വനം വകുപ്പിന് നിലവിൽ അഞ്ച് ബോട്ടുകളാണുള്ളത്. 23 സീറ്റുള്ള അഗസ്ത്യ ബോട്ട്, 9 സീറ്റുകൾ വിതമുള്ള ജലകന്യക, ജലറാണി, സമുദ്ര എന്നീ മൂന്ന് ബോട്ടുകൾ, 5 സീറ്റുള്ള ചിന്താർമണി ബോട്ട് എന്നിവയാണുള്ളത്. ഇതിൽ അഗസ്ത്യ ബോട്ട് അറ്റകുറ്റപ്പണികൾക്കായി ഡോക്ക് ചെയ്തിട്ടുള്ളതും ടി പണികൾക്കായി കൊല്ലം തുറമുഖ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച 4 ലക്ഷം രൂപയുടെ അടങ്കൽ അംഗീകരിക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നെയ്യാർ ഡാമിൽ ടൂറിസ്റ്റുകൾക്കായി പുതിയ ബോട്ട് അനുവദിച്ചു നൽകുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ, അതിന്റെ പുരോഗതി എന്നിവ അറിയിക്കാമോ; | (ബി) | നെയ്യാർ വന്യജീവിസങ്കേതത്തിലേക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 24 സീറ്റിന്റെ ഒരു ബോട്ട് വാങ്ങുന്നതിലേക്കായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, അഴീക്കൽ, കണ്ണൂർ എന്ന സർക്കാർ സ്ഥാപനത്തിൽ നിന്നും 36,80,841/- രൂപയുടെ അടങ്കൽ ലഭ്യമാക്കി ടി വിവരം വൈൽഡ് ലൈഫ് വാർഡൻ നെയ്യാറിന്റെ 12/02/2018-ലെ ഇ-559/18 നമ്പർ കത്ത് പ്രകാരം അനുഭാവപൂർവ്വം പരിഗണിക്കുന്നതിലേക്കായി ബഹു.പാറശ്ശാല എം.എൽ.എ-യ്ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ നിർദ്ദേശ പ്രകാരം 18/09/2021-ന് ഡയറക്ടർ, ജലഗതാഗത വകുപ്പ് ആലപ്പുഴയുമായി സോളാർ/ ഹൈബ്രിഡ് ബോട്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ, നെയ്യാർ അസിസ്റ്റൻറ് വൈൽഡ് ലൈഫ് വാർഡൻ, എന്നിവർ ആലപ്പുഴയിൽ വച്ച് ചർച്ച ചെയ്യുകയും ജലഗതാഗത വകുപ്പിന്റെ കീഴിലുള്ള ആദിത്യാ എന്ന സോളാർ ബോട്ട് പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) | വനം വകുപ്പിന്റെ കീഴിൽ ടൂറിസ്റ്റുകൾക്കായി നെയ്യാർഡാമിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത മേഖലകളിലെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നുമുള്ള വിശദാംശം പദ്ധതികളുടെ വിവരം തരംതിരിച്ച് അറിയിക്കാമോ; | (സി) | നെയ്യാർ വന്യജീവിസങ്കേതത്തിന്റെ കീഴിൽ ബോട്ടിംഗ്, മാൻപാർക്ക്, മുതല പാർക്ക്, എന്നിവയ്ക്ക് പുറമേ വെട്ടിമുറിച്ചകോൺ, കോട്ടമൺപുറം, കൊമ്പൈ, മീൻമുട്ടി എന്നിവിടങ്ങളിൽ ക്യാമ്പിഗ് കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരികളെ ആകർഷിക്കും വിധം അടിസ്ഥാനസൗകര്യവും, താമസസൗകര്യവും ഒരുക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് |
| (ഡി) | നെയ്യാർഡാം കേന്ദ്രമാക്കി ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വനം വകുപ്പ് പുതുതായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

| സ്ഥലം | ചെലവാക്കിയ തുക രൂപയിൽ |
|---|---|
| അഗസ്ത്യ ക്രൊക്കഡയിൽ പാർക്ക് | 383549/- |
| ബോട്ട് ലാൻറിംഗ് | 619983/- |
| വെട്ടിമുറിച്ചകോൺ | 2255805/- |
| കോമ്പൈ | 720000/- |
| മീൻമുട്ടി | 572279/- |
| ബോർഡുകൾ | 45000/- |
| ഫർണ്ണിച്ചർ, പാത്രങ്ങൾ, ബഡ്ഷീറ്റ്, ഇലക്ട്രോണിക്ക് സാധാങ്ങൾ അടക്കമുള്ളവ | 1800425/- |